# കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ (ദേവസ്വം)- മലബാർ ദേവസ്വം ബോർഡ് - എക്സിക്യൂട്ടീവ് ഓഫീസർമാരുടെ ശമ്പള പരിഷ്കരണം – ശമ്പള നിർണ്ണയത്തിനുള്ള പൊതു നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## റവന്യൂ (ദേവസ്വം) വകുപ്പ്

### സ. ഉ. (സാധാ.)നമ്പർ: 3793/2010/ആർ.ഡി. തീയതി, തിരുവനന്തപുരം,. 03.08.2010

---

പരാമർശം: 1. സർക്കാർ ഉത്തരവ്(പി) നം.41/2010/ആർ.ഡി തീയതി 04.02.2010.

2. മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ 13.05.2010 ലെ എച്ച്-7/1357/2010/എം.ഡി.ബി നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പരാമർശം(1) ഉത്തരവ് പ്രകാരം മലബാർ ദേവസ്വം ബോർഡിനു കീഴിലെ ക്ഷേത്രങ്ങളിലെ എക്സിക്യൂട്ടീവ് ഓഫീസർമാരുടെ ശമ്പളം പരിഷ്കരിച്ച് ഉത്തരവായിരുന്നു. പരാമർശം(2) പ്രകാരം എക്സിക്യൂട്ടീവ് ഓഫീസർമാരുടെ ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിനുള്ള പൊതു നിർദ്ദേശങ്ങൾ നൽകി സർക്കാരിൽ നിന്നും ഉത്തരവ് നൽകണമെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അഭ്യർത്ഥിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ അഭ്യർത്ഥന സർക്കാർ പരിശോധിച്ച് പരാമർശം(1) ലെ ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പാക്കുന്നതിന് താഴെപറയുന്ന പൊതു നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. പുതിയ ശമ്പള സ്കെയിലുകൾ 01.03.2009 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. 01.03.2009 തീയതിയിൽ അർഹമായ ഇൻക്രിമെന്റ് നൽകാനുണ്ടെങ്കിൽ അതുകൂടി ചേർത്ത തുകയോടൊപ്പം (അടിസ്ഥാന ശമ്പളം) നിലവിൽ വാങ്ങിക്കൊണ്ടിരിക്കുന്ന ക്ഷാമബത്ത (01.03.2009 ൽ വാങ്ങിക്കൊണ്ടിരുന്നത്) കൂടി ചേർത്ത തുക പുതിയ സ്കെയിലിൽ ഏതു സ്റ്റേജിലാണോ വരുന്നത് ആ സ്റ്റേജിനോടൊപ്പം പുതിയ സ്കെയിലിൽ ക്ലോസ്-3 ൽ പരാമർശിച്ചിരിക്കുന്ന വെയിറ്റേജ് കൂടി ചേർത്ത് എത്തുന്നത് ഒരു സ്റ്റേജിലാണെങ്കിൽ അവിടെയും, സ്റ്റേജിലല്ലെങ്കിൽ അടുത്തസ്റ്റേജിലും ശമ്പളം നിജപ്പെടുത്താവുന്നതാണ്.

3. ഓരോ എട്ടു വർഷത്തെ സർവ്വീസിനും ഒരു ഇൻക്രിമെന്റ് എന്ന കണക്കിൽ പരമാവധി മൂന്ന് ഇൻക്രിമെന്റ് വെയിറ്റേജായി നൽകാവുന്നതാണ്. ക്ലോസ്-2 ൽ പറഞ്ഞവിധം ശമ്പളം, ക്ഷാമബത്ത എന്നിവ കൂട്ടിയാൽ പുതിയ സ്കെയിലിൽ എവിടെയാണോ എത്തുന്നത് ആ സ്റ്റേജിലെ ഇൻക്രിമെന്റ് നിരക്ക് വെയിറ്റേജ് കണക്കാക്കുന്നതിന് പരിഗണിക്കാവുന്നതാണ്. ഇൻക്രിമെന്റ് തീയതിയിൽ മാറ്റം ഉണ്ടായിരുക്കുന്നതല്ല.

4. 01.03.2009 ൽ ഏതു ഗ്രേഡിലാണോ ജോലി ചെയ്തിരുന്നത് ആ ഗ്രേഡിൽ ശമ്പളം നിർണ്ണയിക്കേണ്ടതും ആ തീയതിക്കുശേഷം വന്ന പ്രൊമോഷനുകളുടെ കാര്യത്തിൽ കെ.എസ്.ആർ ലെ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം ശമ്പളം നിർണ്ണയിക്കാവുന്നതുമാണ്. എക്സിക്യൂട്ടീവ് ഓഫീസർമാരുടെ പ്രൊമോഷനുകൾ ആക്റ്റിലെയും ചട്ടങ്ങളുടെയും വ്യവസ്ഥകൾ പ്രകാരമാണ് നടത്തിയിട്ടുള്ളത് എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.